
ശ്രീ രാം ചന്ദ്ര മിഷൻ®
നവംബർ 2010
വാല്യം 3 ലക്കം 6
India ECHOES
ONE WORLD ONE HUMANITY
സ്വകാര്യ പ്രചരണത്തിന് മാത്രം

"ധ്യാനിക്കുക, സകലതിനെയും പടി പടിയായി ഒഴിവാക്കുക. ശരിയായ രീതിയിൽ ദശസൂക്തങ്ങൾക്കനുസരിച്ച് പതിവായി സാധന ചെയ്യുകയാണെങ്കിൽ പ്രത്യേക സ്വഭാവത്തോടുകൂടി ജനിച്ച എൻെറ ആത്മാവ് പതിയെ സ്വഭാവ രഹിതമായ ഒന്നായിത്തീരുന്നത് എനിക്ക് കാണുവാൻ കഴിയും" 2010 ഒക്ടോബർ 9-ന് മിഷൻെറ ഭാരവാഹികൾക്കായി ചെന്നൈയിൽ നടന്ന സെമിനാറിനെ അഭിസംബോധന ചെയ്തു കൊണ്ട് നടത്തിയ പ്രസംഗത്തിൽ നിന്ന്



വടക്കൻ അമേരിക്കൻ അഭ്യാസികളുടെ കൂടിച്ചേരൽ സപ്തംബർ 21-ന് പൂർത്തിയായി. അതിന് ശേഷം മാസ്റ്റർ തൻെറ സമയം ചെലവഴിച്ചത് ഗായത്രിയിലും ആശ്രമത്തിലുമായിട്ടായിരുന്നു. വാരാന്ത്യങ്ങളിൽ ആശ്രമത്തിലും അല്ലാത്തപ്പോൾ ഗായത്രിയിലുമായിട്ടായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ഗായത്രിയിലായിരിക്കുമ്പോൾ അദ്ദേഹം അഭ്യാസികളെകാണുകയും ചില നേരങ്ങളിൽ സത്സംഗം നടത്തുകയും ചെയ്തിരുന്നു.

ഗായത്രിയിൽ വെച്ച് ഒരു ദിവസം കാപ്പികുടിക്കുന്നതിനിടയിൽ, ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി മാസ്റ്റർ ഇങ്ങനെ പറഞ്ഞു "വിശ്വാസം നഷ്ടപ്പെടുന്നയിടത്ത് ഭയം കയറി വരും".

സപ്തംബർ 9 മുതൽ 23 വരെ മുഴുവൻ സമയവും അദ്ദേഹം ആശ്രമത്തിൽ തന്നെയായിരുന്നു.

സപ്തംബർ 16-ന് മാസ്റ്റർ പുതുച്ചേരി (പഴയ പോണ്ടിച്ചേരി) സന്ദർശിച്ചു. പുതുച്ചേരി, കൂഡല്ലൂർ, വില്ലുപുരം, നെയ്‌വേലി തുടങ്ങിയ സെൻററുകളിലെ അറുപതോളം അഭ്യാസികളും 20 കുട്ടികളും മാസ്റ്ററെ ഹോട്ടൽ ഡ്യൂൺ ഇക്കോ റിസോർട്ടിൽ വെച്ച് സ്വീകരിച്ചു. സത്സംഗം നടത്തുന്നതിനും, അഭ്യാസികളുടെ താമസത്തിനും ഭക്ഷണത്തിനും ഉള്ള സൗകര്യം പുതുച്ചേരി ജവഹർ നവോദയ സ്കൂളിൽ ഒരുക്കിയിരുന്നു. സ്കൂളിലെ കുട്ടികൾ വൈകുന്നേരം മാസ്റ്ററെ സ്വാഗതം ചെയ്യുകയും കീർത്തനങ്ങൾ ആലപിക്കുകയും ചെയ്തു. അതിനുശേഷം മാസ്റ്റർ സത്സംഗം നടത്തി.

17-ാം തിയതി രാവിലെ മാസ്റ്റർ സത്സംഗം നടത്തി. അതിനുശേഷം സഹോ. അജയ് ഭട്ടർ സംസാരിച്ചു. പിന്നീട് സഹോ. വെർജീൻ കഥക് ശൈലിയിലുള്ള ഒരു മനോഹര നൃത്തം അവതരിപ്പിച്ചു. പത്തോളം സ്കൂൾ അധികൃതർ ധ്യാന പരിശീലനം തുടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ചു.

വിശ്രമിച്ചും തൻെറ കൂടെയുണ്ടായിരുന്നവരോട് സംസാരിച്ചും മാസ്റ്റർ സമയം ചെലവഴിച്ചു. വൈകുന്നേരം നാലേമുക്കാലോടെ അദ്ദേഹം ചെന്നൈയിലേക്ക് തിരിച്ചു പോയി. മാസ്റ്ററോട് അടുത്തിടപഴകാൻ പുതുച്ചേരിയിലെ അഭ്യാസികൾക്ക് ലഭിച്ച അപ്രതീക്ഷിത സമ്മാനമായിരുന്നു അദ്ദേഹത്തിൻെറ ഈ സന്ദർശനം.



ഒരിക്കൽ ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കൊപ്പം അത്താഴം കഴിക്കാനും പിന്നീടൊരിക്കൽ ക്രിക്കറ്റ് കളി കാണുവാനും മാസ്റ്റർ ഒമേഗാ സ്കൂൾ സന്ദർശിച്ചിരുന്നു. വിദ്യാർത്ഥികളുടെ സംഗീതപരിപാടി ആസ്വദിച്ചതിനുശേഷം ഇതുപോലുള്ള ധാരാളം സംഗീതപരിപാടികൾ ഇനിയും നടത്തപ്പെടുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചു. സ്കൂൾ സന്ദർശനത്തിനിടെ അദ്ദേഹം വിദ്യയെക്കാളുപരി വിവേകമാണ് നേടേണ്ടതെന്ന് വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു. ഹാർവാർഡ് യൂണിവേർസിറ്റിയെപ്പോലെയല്ലാതെ, ആത്മീയതിയിലൂന്നിയ വിദ്യാലയങ്ങളെയാണ് താൻ കാര്യമാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.








മാസ്റ്റർ രണ്ടു മാസത്തിലധികമായി ചെന്നൈയിൽ താമസിക്കുന്നതിനാലും അദ്ദേഹത്തെ ഇടയ്ക്കിടെ കാണുവാൻ സാധിക്കുന്നതിനാലും അവിടത്തെ അഭ്യാസികൾ വളരെ സന്തോഷത്തിലാണ്. അദ്ദേഹത്തിൻെറ വസതിയിലേക്ക് പോകുവാനായി തദ്ദേശീയരായ അഭ്യാസികൾക്കിപ്പോൾ ധാരാളം അവസരങ്ങൾ ലഭിക്കുന്നുണ്ട്. അതിനാൽ അവർക്കിപ്പോൾ അദ്ദേഹത്തെ കൂടുതൽ കാണുവാനും, അദ്ദേഹം ഇട ദിവസങ്ങളിൽ വൈകുന്നേരത്തെ സത്സംഗം നടത്തുന്നതിനാൽ പലപ്പോഴും അതിൽ പങ്കുകൊള്ളുവാനും അവസരം ലഭിക്കുന്നു.

ഞായറാഴ്ച്ചകളിലെ സത്സംഗങ്ങൾ ഏവരുടെ ഹൃദയത്തിലും ആഹ്ലാദം നിറയ്ക്കുന്നു. ഞായറാഴ്ചയിലെ സത്സംഗത്തിൽ മാസ്റ്ററെ കാണുക എന്നത് എല്ലാ അഭ്യാസികളും ആഴ്ചയിലുടനീളം താൽപ്പര്യത്തോടെ കാത്തിരിക്കുന്ന ഒരു കാര്യമാണ്. ഹുബ്ലി, ഡിൻഡിഗൽ എന്നിവടങ്ങളിലേയും മറ്റു സെൻററുകളിലേയും അഭ്യാസികൾ ആശ്രമം സന്ദർശിച്ച് അദ്ദേഹത്തിൻെറ സ്നേഹവും ശ്രദ്ധയും അനുഭവിച്ചു.

തൻെറ വസതിയുടെ തെക്കു കിഴക്കേ മൂലയിൽ, ഒരു സുന്ദരമായ നെടുംപുരക്കുള്ളിൽ മാസ്റ്റർ സ്വർഗ്ഗീയ പ്രണയിതാക്കളായ ശ്രീകൃഷ്ണൻെറയും രാധയുടെയും മനോഹരമായ മാർബിൾ പ്രതിമകൾ സ്ഥാപിച്ചു. ത്രൈസ്ത്രൈണരൂപത്തിൽ സാത്വികഗുണങ്ങളെപ്രതിനിധാനം ചെയ്യുന്ന പ്രതിമകൾ മാറ്റി സ്ഥാപിക്കപ്പെട്ടു. പൂജ, ശ്രദ്ധ, അർച്ചന എന്നിവയെ നേരത്തെ തന്നെ ധ്യാനമന്ദിരത്തിൻെറ മുഖ്യ കവാടത്തിനിരുവശത്തുമുള്ള പുൽത്തകിടിയിലേക്ക് മാറ്റിയിരുന്നു. റോഡിനപ്പുറത്ത് ധ്യാനമന്ദിരത്തിനഭിമുഖമായി "ഗംഗ" സ്ഥാപിക്കപ്പെടും.







സ്വഭാവ വികസനത്തെക്കുറിച്ച് ഒരു സെമിനാർ ചെന്നൈ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ ഒക്ടോബർ 9 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ നടന്നു. വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ, സോണൽ-ഇൻ-ചാർജ്ജുകൾ, നിരവധി സെൻററുകളിലെ സെൻറർ-ഇൻ-ചാർജ്ജുകൾ എന്നിങ്ങനെയുള്ള മൊത്തം നൂറോളം വരുന്ന ഇന്ത്യയിലെ മിഷൻെറ വിവിധ ഭാരവാഹികളാണ് ഇതിൽ പങ്കെടുത്തത്.

അവരോടുള്ള അദ്ദേഹത്തിൻെറ ആഹ്വാനം വളരെ സ്പഷ്ടമായിരുന്നു - മറ്റുള്ളവരിൽ മാറ്റം വരുത്തുവാൻ ശ്രമിക്കുന്നതിനു മുൻപ് തന്നിൽ തന്നെ ആ മാറ്റം കൊണ്ടുവരണമെന്നതാണത്. 9-ന് വൈകീട്ട് പങ്കെടുക്കുന്നവർ എത്തിച്ചേർന്നതോടെ അവരോടൊപ്പം ഡോർമിറ്ററി 'എ' യിൽ വെച്ച് അത്താഴം കഴിക്കാമെന്ന് മാസ്റ്റർ പെട്ടന്ന് തീരുമാനിച്ചു. വളരെ ഉത്സുകനായി കാണപ്പെട്ട അദ്ദേഹം പറഞ്ഞു, "പങ്കെടുക്കുന്ന എല്ലാവരുടെ മനസ്സിലും ഒരു ആശയക്കുഴപ്പമുണ്ടാക്കാൻ ഞാൻ താൽപര്യപ്പെടുന്നു, കാരണം ആശയക്കുഴപ്പത്തിൽ നിന്നും വ്യക്തത ഉടലെടുക്കും".



പറഞ്ഞത് പോലെ തന്നെ തൻെറ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം വേദങ്ങളിലും, മഹാഭാരതം, ഭഗവത് ഗീത, രാമായണം എന്നിവയിലെല്ലാമുള്ള നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്തു കൊണ്ടും ഇതിലെ വൈരുദ്ധ്യങ്ങളെചൂണ്ടി കാണിച്ചുകൊണ്ടും സദാചാരത്തെയും സ്വഭാവത്തെയും കുറിച്ച് ആശയക്കുഴപ്പമുണ്ടാക്കി. അവസാനം അദ്ദേഹം നാമെല്ലാം തന്നെ ഹൃദയത്തിലേക്ക് തിരിച്ചുവിടണമെന്നും അതല്ലാതെ മറ്റൊന്നുമില്ലെന്നും പറഞ്ഞു. പിന്നീട്, തൻെറ പ്രസംഗത്തിൽ പലതിനേയും താങ്കൾ തകർത്തുവെന്ന് പറഞ്ഞപ്പോൾ മാസ്റ്റർ ഇങ്ങനെ അഭിപ്രായപ്പെട്ടു, "ചിന്തിക്കുന്നവനാരോ അവൻ ധൈര്യപ്പെടുന്നു. നമ്മൾ സാഹസിക ചിന്താരീതി ഉള്ളവരായിരിക്കണം."



പ്രാസംഗികരുടെ അവതരണങ്ങൾ "സ്വഭാവം" എന്ന വിഷയത്തെ വിവിധ കോണുകളിൽ നിന്നു അവലോകനം ചെയ്തു: യോഗ (സഹോ. കെ.എസ്.ബാലസുബ്രമണ്യം), ലാലാജി മഹരാജിൻെറ സിദ്ധാന്തങ്ങൾ (സഹോ.സന്തോഷ് ശ്രീനിവാസൻ), വിദ്യാഭ്യാസത്തിലെ മൂല്യങ്ങൾ (സഹോ.എസ്.ഭവാനിശങ്കർ), ബിസിനസ്സിൽ സ്വഭാവത്തിൻെറ പങ്ക് (സഹോ.പ്രമോദ് സാദർജോഷി), അതിൻെറ പ്രകടനങ്ങൾ സദാചാരത്തിൽ (സഹോ.പി.ആർ.കൃഷ്ണ) പിന്നെ മനോഭാവത്തിൽ (സഹോ.ക്യാപ്ടൻ.ബി.ചക്രപാണി), കൂടാതെ സഹജമാർഗ്ഗത്തിലെ പത്തു പ്രമാണങ്ങളുടെ സിദ്ധാന്തങ്ങൾ (സഹോ.എൻ.പ്രകാശ്). പങ്കെടുത്തവർ അനുബന്ധ വിഷയങ്ങളെക്കുറിച്ച് ചർച്ചകളിലേർപ്പെട്ടു, ശേഷം സമ്പൂർണ്ണ യോഗത്തിൽ അവരുടെ പ്രബന്ധങ്ങൾ

അവതരിപ്പിച്ചു.

12-ാം തിയതി സഹോ. അനുരാധ ഭാട്ടിയയുടെ പ്രസംഗത്തിനുശേഷം, സെമിനാറിന്റെ ഉപസംഹാരം മാസ്റ്റർ നിർവ്വഹിച്ചു. നേരത്തെ പരാമർശിച്ചിരുന്ന വിഷയത്തെയധികരിച്ച്, സ്വഭാവത്തിനും മനോഭാവത്തിനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ സംഗ്രഹിച്ചു:-

❖ സധാരണമായി പ്രകടിപ്പിക്കുന്ന പെരുമാറ്റം പോലും നമ്മൾ മാറ്റേണ്ടതാണ്.

❖ സ്വയം സഹനമൊഴിവാക്കി ആത്മീയ പുരോഗതി സാധ്യമല്ല. അത് കൊണ്ട് തന്നെയാണ് നമ്മുടെ മിഷനിൽ അഭ്യാസികൾക്ക് സുഖസൗകര്യങ്ങൾ നൽകുകയില്ലെന്ന് ബാബുജി മഹാരാജ് പറഞ്ഞിരുന്നത്.

❖ മൂല്യച്യുതിയാണ് എയ്ഡ്സ് പോലുള്ള രോഗത്തിനു കാരണം. പടിഞ്ഞാറൻ രാജ്യങ്ങളിലെ സ്ത്രീപുരുഷ ബന്ധത്തിലെ മൂല്യച്യുതിയുടെ ഏകകാരണം (ഗർഭനിരോധന) ഗുളികകളാണ്.

❖ സ്വഭാവ രൂപീകരണത്തിന് തടസ്സമായി നിൽക്കുന്നത് ആശകളാണെന്ന് പ്രഭാഷകർ ഇവിടെ ചൂണ്ടികാണിക്കേണ്ടതായിരുന്നു. ആശകൾ നമ്മുടെ ഇച്ഛാശക്തിയെ ഇല്ലാതാക്കുന്നു.

❖ ലോകത്തിന് ഒരു സംഭാവനയും നൽകാതെ ഉപഭോഗം മാത്രം നടത്തുന്നതും അധാർമ്മികതയാണ്.

❖ വേണ്ടതിൽക്കൂടുതൽ ഒരു രൂപയെങ്കിലും ഉണ്ടെങ്കിൽ അത് നിങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കും. നമ്മുടെ പല അഭ്യാസികളുടെ പ്രയാസത്തിന്റെയും ഭീമമായ നഷ്ടങ്ങളുടെയും കാരണം പണത്തോടുള്ള അവരുടെ ആർത്തിയാണ്.

❖ ലൈംഗിക സദാചാരത്തിന് അമിത പ്രധാന്യവും, മറ്റുള്ള അധാർമ്മികതയോട് മൃദു സമീപനവുമാണ് ഇന്ത്യയിൽ കാണപ്പെടുന്നത്

❖ മിഷന്റെ രക്ഷാനാധികളായ പ്രശിക്ഷകർ അവരുടെ അലസതവെടിയുകയും അവരുടെ പ്രവൃത്തികളിൽ മാസ്റ്ററോടുള്ള വിശ്വാസം വെച്ച് പുലർത്തുകയും വേണം.

സെമിനാറിന്റെ ഏകോപനം സഹോ. രാജേഷ് രാതോഡും പരിപാടിക്ക് വേണ്ട സജ്ജീകരണങ്ങൾ നടത്തിയത് ആശ്രമം മാനേജറായ സഹോ.സത്യനാരായണനുമായിരുന്നു. മാസ്റ്ററുടെ ചിന്തോദ്ദീപകമായ ഭാഷണങ്ങളും, ആത്മപരിശോധനയും സംവാദങ്ങളും എല്ലാം തന്നെ ഒരുണർത്തുമണിയായിട്ടാണ് പങ്കെടുത്തവർക്കെല്ലാം അനുഭവപ്പെട്ടത്.

ചുരുക്കത്തിൽ ഹൃദയത്തിന്റെയും മനസ്സിന്റെയും ഒരു കഠിന വ്യായാമമായിരുന്നു ഈ സെമിനാർ. മുഴുവൻ സെമിനാറും മാസ്റ്റർ വീക്ഷിക്കുന്നുണ്ടായിരുന്നു.

ഒക്ടോബർ 14 മുതൽ 19 വരെയായിരുന്നു ഓഷ്യാനിക് – ലാറ്റിൻ അമേരിക്കൻ സെമിനാർ. മണപാക്കം ആശ്രമത്തിലേക്ക് വരുന്നത് മാതൃഭവനത്തിലേക്ക് വരുന്നത് പോലെയാണെന്നും അത് (മണപ്പാക്കം) ആത്മീയ ഭവനം പോലെയാണെന്നും; സെമിനാർ ഉദ്ഘാടനം ചെയ്യവെ മാസ്റ്റർ അഭിപ്രായപ്പെട്ടു. അദ്ദേഹം ഇങ്ങനെ പറഞ്ഞു "നമ്മൾ ഇവിടെ വരുന്നതിന്റെ ഏകലക്ഷ്യം, നമ്മുടെ ഹൃദയത്തിന്റെ വളർച്ചയ്ക്കും, ശുദ്ധീകരണത്തിനും അതിന്റെ ആദിസ്വഭാവത്തെ പുന:പ്രതിഷ്ഠിക്കുന്നതിനുമാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ഒരുപകരണം എന്ന ഹൃദയത്തിന്റെ ആദിസ്വഭാവത്തിൽ നിന്നും ഉരുത്തിരിഞ്ഞിരുന്നത് അനുകമ്പ, ദയ, അനുഭാവം, മറ്റുള്ളവരുമായി പങ്കുവെയ്ക്കൽ, സൗഹാർദ്ദ ജീവിതം തുടങ്ങിയ മനുഷ്യ ഗുണങ്ങളായിരുന്നു. എന്നാൽ അവയൊന്നും ഇന്ന് അക്ഷരാർത്ഥത്തിൽ തന്നെ നില നിൽക്കുന്നില്ല."





ആറിൽ അഞ്ചു ദിവസവും അദ്ദേഹം പ്രഭാതസത്സംഗം നടത്തി. ചില വിവാഹങ്ങളും അദ്ദേഹം നടത്തിക്കൊടുത്തു. "നാനാത്വത്തിൽ ഏകത്വം" എന്ന വിഷയത്തെയധികരിച്ച് സഹോ. പി.ആർ.കൃഷ്ണയും "അദ്ദേഹവും ഞാനും" എന്ന വിഷയത്തെ ആസ്പദമാക്കി സഹോ. സന്തോഷ് കാഞ്ചിയും സംസാരിച്ചു.

വൈകുന്നേരം ചെറു സംഘങ്ങളായി അഭ്യാസികൾ മാസ്റ്ററെ സന്ദർശിച്ചു. അദ്ദേഹം അവരോടൊപ്പം ധാരാളം സമയം ചെലവഴിച്ചു. ന്യൂസിലാൻഡിന്റെയും ഓസ്ട്രേലിയയുടേയും വാർഷിക ജനറൽ ബോഡി യോഗത്തിലും മാസ്റ്റർ സംബന്ധിച്ചു. ആകെയുണ്ടായിരുന്ന 500 അഭ്യാസികളിൽ 100 പേർ ലാറ്റിൻ അമേരിക്കയിൽ നിന്നും ബാക്കിയുള്ളവർ ഓഷ്യാനയിൽ നിന്നുമുള്ളവരായിരുന്നു.

എല്ലാ ദിവസവും മാസ്റ്റർ സത്സംഗം നടത്തിയിരുന്നു. ഉദ്ഘാടന പ്രസംഗവും ഉപസംഹാരവും മാസ്റ്റർ നിർവ്വഹിച്ചു.

## മധ്യപ്രദേശിലെ എസ്എംആർടിഐ വളൻറിയർമാരുടെ യോഗം

2010 ആഗസ്റ്റ് 22-ന് മധ്യപ്രദേശ് സോണിലെ വിവിധ സെൻററുകളിൽ നിന്നുള്ള എസ്എംആർടിഐ വളൻറിയർമാരുടെ യോഗം ജബൽപൂർ ആശ്രമത്തിൽ സംഘടിപ്പിച്ചു. ഇൻഡോർ, ഭോപ്പാൽ, ജബൽപൂർ, ഉജ്ജയിൻ തുടങ്ങിയ വലിയ സെൻററുകളിൽ നിന്നുള്ളവർ മാത്രമല്ല, താരതമ്യേന ചെറിയതും ഉൾപ്രദേശങ്ങളുമായ ബലഘട്ട്, ടിക്കംഗർ, ജവോറ, സൊഹഗ്പൂർ, ഗൈറാസ്പൂർ, ട്യോണ്ട, ഗൻജ്ബസോഡ, ഇറ്റാസി, രേവ, നസ്രുള്ളഗൻജ് എന്നിവിടങ്ങളിൽ നിന്നുള്ള വളൻറിയർമാരും ഇതിൽ പങ്കെടുത്തിരുന്നു. സോണൽ തലത്തിൽ ആദ്യമായിട്ടായിരുന്നു ഇങ്ങനെയൊരു പരിപാടി സംഘടിപ്പിക്കപ്പെട്ടിരുന്നത്, അതിനാൽ തന്നെ എല്ലാവരും ഉത്സാഹഭരിതരും ഊർജ്ജസ്വലരുമായിരുന്നു.

സഹോ. രാജേഷ് രാവേർക്കർ പങ്കെടുത്തവരെ സ്വാഗതം ചെയ്തു. അതിനുശേഷം എല്ലാവരും സ്വയം പരിചയപ്പെടുത്തി. സഹോ.വിനോദ് പരിപാടി ആരംഭിക്കുകയും "വിസ്പേർസ് ഫ്രം ബ്രൈറ്റർ വേൾഡിലെ" ഒരു സന്ദേശം വായിക്കുയും ചെയ്തു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ചകൾ നടന്നു. ഒരോ സെൻററും ഒരു സ്കൂളിനെയെങ്കിലും തെരഞ്ഞെടുക്കുകയും മൂല്യാധിഷ്ഠിത വിദ്യഭ്യാസം അവിടെ നടപ്പിൽ വരുത്താൻ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണമെന്ന് തീരുമാനിക്കപ്പെട്ടു. യുവാക്കൾക്കായുള്ള പരിപാടികൾ ധാരാളം നടത്തപ്പെടേണ്ടതിന്റെ ആവശ്യകത എല്ലാവർക്കും ബോധ്യമായി. പങ്കെടുത്തവർക്കെല്ലാം തന്നെ ആത്മബന്ധവും സാഹോദര്യവും സ്നേഹവും അനുഭവവേദ്യമായിരുന്നു.

## പുതിയ നിയമനം

2010 നവംബർ 1 മുതൽ ഖരഗ്പൂർ ക്രെസ്റ്റിന്റെ അസിസ്റ്റൻറ് ഡയറക്ടറായി സഹോ. യു.പി.ധവാൻ നിയമിതനായി.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക
നവംബർ 2010 വാല്യം 3 ലക്കം 6

# ഭൂതകാലത്തിലേക്കൊരു എത്തിനോട്ടം

1976 മെയ് മാസത്തിനും ജൂൺ മാസത്തിനുമിടയ്ക്ക് മാസ്റ്റർ ബാബൂജി മഹാരാജുമൊത്ത് യൂറോപ്പ് സന്ദർശിക്കുകയുണ്ടായി. ഈ യാത്രയിൽ അവർ ഡെന്മാർക്ക്, ജെർമനി, സ്വിറ്റ്സർലാൻറ്, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ഈ യാത്രയുടെ വിവരണങ്ങൾ 'സഹജമാർഗ്ഗ് ഇൻ യുറോപ്പ്' എന്ന പുസ്തകത്തിലായിരുന്നു ആദ്യം പ്രസിദ്ധീകരിച്ചിരുന്നത്. പിന്നീടത് "യാത്ര വാല്യം-1" എന്ന പേരിൽ പുന:പ്രസിദ്ധീകരിച്ചു.

ഈ യാത്രയെക്കുറിച്ചുള്ള മാസ്റ്ററുടെ വിവരണങ്ങളിൽ അവരുടെ ബന്ധത്തിൻെറ മുഴുവനായുള്ള ഛായാരൂപം നൽകുകയും, അദ്ദേഹത്തിൻെറ പ്രിയതമനായ ബാബൂജി മഹാരാജിനെ സ്നേഹത്തോടെ പരിചരിച്ചതിനെപ്പറ്റിയും, ക്ഷീണമില്ലാതെയുള്ള മിഷൻ പ്രവർത്തനങ്ങളിലുള്ള ഇടപഴകൽ, ഓരോ ദിവസവും 15-ൽ കൂടുതൽ സിറ്റിങ്ങുകൾ നൽകുന്നതിനു പുറമെ വിവിധ പ്രഭാഷണങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങളെപ്പറ്റിയും, ഗുരു ശിഷ്യ ബന്ധത്തിൽ ആദ്ധ്യാത്മികതയിലെ പരമോന്നതമായ ഇടപെടലുകളെക്കുറിച്ചും പരാമർശിക്കുന്നു

ഈ യാത്രയിൽ ബാബൂജി മഹാരാജിൽ നിന്നും ലഭിച്ച ഏതാനും മുത്തുകൾ താഴെ കൊടുക്കുന്നു:

"തത്വജ്ഞാനം ചിന്തിക്കുന്ന രീതിയാണ്; യോഗ പ്രവർത്തിക്കുന്ന രീതിയാണ്; സാക്ഷാത്ക്കാരം ചെയ്യതിനെ ഇല്ലാതാക്കുന്ന രീതിയാണ്."

ചോദ്യം: എന്താണ് നമ്മുടെ സന്ദേശം?
ബാബൂജി: എല്ലായ്പ്പോഴും സമാധാനവും ചിന്തകളിൽ വൈരുദ്ധ്യമില്ലായ്മയും.

ചോദ്യം: എന്താണ് ജീവൻ?
ബാബൂജി: ജീവനിലെ ജീവനാണ് യഥാർത്ഥ ജീവൻ.

സൂഫി കവിയായ സർമാദിൻെറ ഒരു ശ്ലോകം ഉദ്ധരിച്ചുകൊണ്ട് ബാബൂജി പറയുന്നു:

"സ്നേഹത്തിൻെറ നൊമ്പരം ഒരു പൂമ്പാറ്റയെപോലെ
മന്ദമാരുതനോടൊത്ത് പാറിനടക്കുന്നു
ലക്ഷ്യമില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും പറക്കുന്നു.
പക്ഷെ ശലഭങ്ങൾക്ക് ജ്വാലയിൽ സ്വയം ബലി കഴിക്കാനാകുന്നു."

തുടർന്ന് അദ്ദേഹം ഇങ്ങനെ പറഞ്ഞു: " നമ്മുടെ സ്നേഹവും അങ്ങനെയായിരിക്കണം. ദൈവത്തെ നമ്മുടെ ഹൃദയത്തിൽ കൊണ്ടുവരാൻ സഹസ്രാബ്ദങ്ങളെടുക്കുന്നു എന്നാലും വളരെ ചുരുക്കം പേർക്കെ അത് സാധിക്കാറുള്ളു. മരിക്കുന്നതിനു മുൻപ് മരിക്കുന്നതാണ് ഏക വഴി."

"എൻെറ കണ്ടെത്തൽ പ്രകാരം നരകം പാപികൾക്കും സ്വർഗ്ഗം വിഡ്ഢികൾക്കുമുള്ളതാണ്, എന്നാൽ പ്രകാശലോകം മോക്ഷംകിട്ടിയ ആത്മാക്കൾക്കുള്ളതാണ്."



# മണപ്പാക്കത്ത് ജാപ്പനീസ് അതിഥികൾ

ഒരു രസകരമായ സംവാദം



സപ്തംബർ 9-ാം തിയതി ജപ്പാൻ യോഗ അസോസിയേഷൻെറ 50 അംഗങ്ങൾ തങ്ങളുടെ പ്രസിഡെൻറ് സെൻസേയി ടഹാര ഹോഡെയോയും വൈസ് പ്രസിഡെൻറ് ഓഗിയാമ കിമികൊയുമൊത്ത് ചെന്നൈയിലെ ആശ്രമത്തിൽ ഏതാനും മണിക്കൂറുകൾ ചിലവഴിച്ചു. ആശ്രമം മാനേജരായ സഹോ.സത്യനാരായണൻ അവർക്ക് ആശ്രമം കാണിച്ചു കൊടുക്കുകയും തുടർന്ന് അവരെ 'ഡി' ബ്ലോക്കിലുള്ള മീറ്റിംഗ് മുറിയിലേക്ക് കൊണ്ടുപോയി അവർക്ക് ലഘുലേഖകളും, ജപ്പാനിലുള്ള മിഷൻെറ പ്രിഫെക്റ്റുകളുടെയും സത്സംഗം നടത്തുന്നയിടത്തെ അഡ്രസ്സും മറ്റും നൽകി.

ഇൻറർനെറ്റ് മുഖേനയുള്ള ആശയവിനിമയ സംവിധാനങ്ങളുപയോഗിച്ച് ജപ്പാനിലെ നഗോയയിലുള്ള മിഷൻെറ പ്രിഫെക്റ്റുകളും മറ്റു ഭരണാധികാരികളുമായി ആശയ വിനിമയം നടത്താനുള്ള ഒരുക്കങ്ങൾ നടത്തി. ആദ്യം സഹോ. നിത്യ ശ്രീരാം ജപ്പാനീസിൽ സഹജമാർഗ്ഗത്തെക്കുറിച്ച് സംസാരിച്ചു. ജപ്പാനിലെ കണ്ട്രി ഇൻ ചാർജായ സഹോ. ശ്രീരാം ജപ്പാനീസിൽ സദസ്സിനെ അഭിസംബോധന ചെയ്തു. തുടർന്ന് സഹോ. എറീന നകമുറ, സഹോ. കാനേ, സഹോ. ക്ലാരിസ്സ ബെഗ് എന്നിവർ സഹജമാർഗ്ഗത്തിലെ രീതികളെക്കുറിച്ചും മിഷനെക്കുറിച്ചും സംസാരിച്ചു. ഈ സംഭാഷണങ്ങളെല്ലാം തന്നെ അതിഥികൾ കരഘോഷത്തോടെയാണ് സ്വീകരിച്ചത്. രണ്ടോ മൂന്നോ പേരൊഴികെ ബാക്കിയെല്ലാവരും ജപ്പാനിൽ യോഗ പരിശീലകരായി പ്രവർത്തിക്കുന്ന സ്ത്രീകളാണ്.

തുടർന്ന് സഹോ. ദുരൈ സദസ്സിനെ അഭിസംബോധന ചെയ്തു. ഈ സംഭാഷണം അവരുടെ കൂടെയുണ്ടായിരുന്ന മി.മാർകസ് (ടോക്യോയിലുള്ള ഇന്ത്യൻ) ജാപ്പനീസിൽ പരിഭാഷണം ചെയ്തു. എൺപതോളം പ്രായം തോന്നിക്കുന്ന സെൻസേയി ഈ പരിപാടി അഭിനന്ദിക്കുകയും, വർഷങ്ങൾക്കു മുൻപ് നമ്മുടെ ആശ്രമം അദ്ദേഹം സന്ദർശിച്ചിട്ടുണ്ട് എന്നു പറയുകയും ചെയ്തു.

ജപ്പാനിൽ നമ്മുടെ മിഷൻെറ സേവനം സൗജന്യമായി ലഭ്യമാക്കാവുന്നതാണെന്ന് അതിഥികളെഅറിയിച്ചു. ചായ സത്കാരത്തിനു ശേഷം അവർ 6:30-ന് ജപ്പാനിലേക്കായുള്ള യാത്രയ്ക്കായി എയർപോർട്ടിലേക്ക് തിരിച്ചു.



## തമിഴ്നാട് തെക്കൻ സോണിൽ ഒരു പുതു ഊന്നൽ

തമിഴ്നാട്ടിലെ കന്യാകുമാരി, തിരുനെൽവേലി എന്നീ ജില്ലകളിലെ ഉൾനാടൻ പ്രദേശങ്ങളിൽ മിഷൻെറ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സപ്തംബർ 3 മുതൽ 6 വരെ സഹോ. എ.പി.ദുരൈ യാത്ര നടത്തി. വളരെ ചുരുക്കം അഭ്യാസികളുള്ള സെൻററുകളായ വടക്കൻകുളം, നങ്ങുനേരി, കൊട്ടാരം എന്നീ സെൻററുകളിലും പിന്നെ ഉൾനാടൻ പ്രദേശത്തെ സെൻററുകളായ പനഗുഡി, തോവലൈ, രാധാപുരം, ചിദംബരപുരം, കോളിയാംഗുളം, മാനൂർ, കറൈയിരുപ്പ് എന്നീ സെൻററുകളുടെ വളർച്ച ത്വരിതപ്പെടുത്തുകയെന്നതായിരുന്നു ലക്ഷ്യം. സഹോ ദുരൈ ഗൃഹസദസ്സുകളിലൂടെയും തുറന്ന സദസ്സുകളിലൂടെയും ഭാവി അഭ്യാസികളെ സമീപിച്ചു. തങ്ങൾക്കറിയാവുന്നതും സഹജമാർഗ്ഗത്തെക്കുറിച്ച് ഏതാണ്ടൊരു ധാരണയുള്ളതുമായ ആളുകളെക്ഷണിച്ചു വരുത്തി അഭ്യാസികൾ മാസ്റ്ററുടെ ജോലി ത്വരിതപ്പെടുത്തുന്നതായി അദ്ദേഹം ശ്രദ്ധിച്ചു.

സപ്തംബർ 3–ാം തിയതി അദ്ദേഹം കന്യാകുമാരിയിലും, നാഗർകോയിലിനടുത്ത് പുതുതായി തുടങ്ങിയ കൊട്ടാരം എന്ന സെൻററിലും തുറന്ന സദസ്സുകൾ സംഘടിപ്പിക്കുകയും അഭ്യാസികളുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് അദ്ദേഹം നാഗർകോയിലുള്ള ധ്യാന മന്ദിരം സന്ദർശിക്കുകയും അവിടെയുണ്ടായിരുന്ന അഭ്യാസികളെമാസ്റ്ററുമായി ഒന്നുചേരാനുള്ള വഴികളെക്കുറിച്ച് സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം നാഗർകോയിലിൽ നിന്നും 10 കി.മി. അകലെ സ്ഥിതി ചെയ്യുന്ന തോവലൈ എന്ന സ്ഥലത്ത് ഒരു ഗൃഹസദസ്സിൽ പങ്കെടുത്തു. ക്ഷണിതാക്കളെല്ലാവരും തന്നെ പ്രശീക്ഷകർ നടത്തിയ പരിപാടിയിൽ മുഴുകിയിരിക്കുകയായിരുന്നു.

4–ാം തിയതി നൻഗുനേരി സെൻററിലും രാധാപുരത്തും ഗൃഹസദസ്സുകൾ സംഘടിപ്പിച്ചു. അതിനുശേഷം കോളിയാങ്കുളത്തെ ഒരു വീട് സന്ദർശിക്കുകയും അവിടെ കൂടിയിരുന്ന അയൽപക്കക്കാരെ അഭിസംബോധന ചെയ്യുകയും ചെയ്തു. ഇതേ തുടർന്ന് അവിടെ സന്നിഹിതരായിരുന്നവർ ധ്യാനം ആരംഭിക്കാൻ ഉത്സാഹം പ്രകടിപ്പിച്ചു. രാത്രി വടക്കൻകുളത്തിലേക്ക് യാത്ര തിരിച്ച അദ്ദേഹം അവിടെ സത്സംഗം നടത്തുകയും തുടർന്ന് സാധനയെക്കുറിച്ചുള്ള അഭ്യാസികളുടെ സംശയങ്ങൾ നിവാരണം ചെയ്യുകയും ചെയ്തു.

5–ാം തിയതി ഞായറാഴ്ച തിരുനെൽവേലി, നാഗർകോവിൽ, കൊട്ടാരം എന്നീ സെൻററുകളിൽ നിന്നും 50 അഭ്യാസികൾ വടക്കൻകുളം സെൻററിൽ ഒത്തുചേർന്നിരുന്നു. അവിടെ സഹോ. ദുരൈ ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു. സത്സംഗത്തിനുശേഷം അഭ്യാസികളുടെ പ്രഭാഷണവും, പ്രശീക്ഷകരുടെ സംശയനിവാരണവും, ചർച്ചയും, മാസ്റ്ററുടെ ഡി.വി.ഡിയിലുള്ള പ്രസംഗങ്ങളും, മാസ്റ്ററുടെ ഉത്ബോധനങ്ങളെക്കുറിച്ചുള്ള പ്രദർശനങ്ങളും നടന്നു. തുടർന്ന് സംഘടിപ്പിച്ച തുറന്ന സദസ്സിൽ പങ്കെടുത്ത 25–ൽ 12 പേർ ധ്യാനം ആരംഭിക്കുന്നതിനായി അവരുടെ പേര് നൽകി.

6–ാം തിയതി തിരുനെൽവേലി ആശ്രമ സന്ദർശനത്തിനുശേഷം അദ്ദേഹം മാനൂർ, കുടിയിരുപ്പ് എന്നീ ഗ്രാമങ്ങളിൽ ഗൃഹസദസ്സുകൾ സംഘടിപ്പിച്ചു.

ഈ യാത്രയിലുടനീളം സഹോ. ദുരൈ നിരീക്ഷിച്ച വസ്തുതകൾ :

- ❖മാസ്റ്റർ പാകിയ വിത്തുകളെല്ലാം പാകമായിട്ടുണ്ട്. പുതിയ സെൻറർ തുടങ്ങുവാനും തൻെറ സ്വന്തം സെൻററിനു പുറത്ത് പോയി പ്രവർത്തിക്കാനും കെൽപ്പുള്ള പ്രശീക്ഷകരെ ആവശ്യമായി വരുന്നുണ്ട്.
- ❖പുതുതായി ചേർന്ന അഭ്യാസികൾക്ക് ആഴ്ച ഇടവിട്ട് സിറ്റിംഗ് കൊടുക്കണം.
- ❖പ്രശീക്ഷകർ അഭ്യാസികൾക്ക് സഹജമാർഗ്ഗത്തെപ്പറ്റി ശരിയായ കാഴ്ചപ്പാട് നൽകണം.
- ❖ഒത്തൊരുമിച്ചുള്ള പ്രവർത്തനം ആവശ്യമായ ഗൃഹസദസ്സും, തുറന്ന സദസ്സുകളുമെല്ലാം അഭ്യാസികളിലും പ്രശീക്ഷകരിലും ഒരുമയും സാഹോദര്യവും വളർത്തുന്നു. വളരെയധികം ഉത്സാഹവും പിന്നെ മാസ്റ്ററുടെ സാന്നിധ്യവും ഈ പരിപാടികളിൽ പങ്കെടുത്തവർക്ക് അനുഭവപ്പെട്ടു.

ഈ യാത്രയ്ക്കു ശേഷം സഹോ. ടി.വി.വിശ്വനാഥ റാവു, (സോണൽ ഇൻ ചാർജ്,തമിഴ്നാട് തെക്ക്)സപ്തംബർ 10 മുതൽ 12 വരെ വിരുദ്നഗർ, തൂത്തുക്കുടി, തിരുനെൽവേലി എന്നീ ജില്ലകളിലെ കുറെ സെൻററുകൾ സന്ദർശിച്ചു.

10–ാം തിയതി അദ്ദേഹം വിരുദ്നഗർ, അറുപ്പുകോട്ടൈ, കരിയാപ്പട്ടി എന്നീ സെൻററുകളിൽ നിന്നും എത്തിയ 50 അഭ്യാസികൾക്കായി ചിന്നവള്ളിക്കുളം ആശ്രമത്തിൽ സത്സംഗം നടത്തി. അഭ്യാസികളുടെ പരിചയപ്പെടലിനുശേഷം അദ്ദേഹം ഉച്ചവരെ അവരോടൊത്ത് സംഭാഷണങ്ങൾ നടത്തി.

പിന്നീട് കോവിൽപ്പട്ടിയിൽ 20 അഭ്യാസികൾ സത്സംഗത്തിലും തുടർന്നു നടന്ന സാധനയെക്കുറിച്ചുള്ള ചോദ്യോത്തരവേളയിലും പങ്കെടുത്തു.

11–ാം തിയതി കാലത്ത് അറുപ്പുകോട്ടൈ സബ് സെൻറർ സന്ദർശിച്ച് സത്സംഗം നടത്തുകയും അവിടെ എത്തിച്ചേർന്ന 25 ഓളം അഭ്യാസികളുമായി ചർച്ച നടത്തുകയും ചെയ്തു. അന്ന് വൈകുന്നേരം ശ്രീവില്ലിപുത്തൂരിൽ സത്സംഗം നടത്തുകയും അവിടെയുണ്ടായിരുന്ന 45 അഭ്യാസികളുമായി സംസാരിക്കുകയും ചെയ്തു. ആശ്രമത്തിനായി സ്ഥലം വാങ്ങുന്നതിനായി എല്ലാ അഭ്യാസികളും താത്പര്യം പ്രകടിപ്പിച്ചു.

സപ്തംബർ 12–ാം തിയതി ഞായറാഴ്ച അദ്ദേഹം രാജപാളയത്ത് 70 അഭ്യാസികൾക്കായി സത്സംഗം നടത്തി. അതിനുശേഷം നടന്ന പകുതി ദിന പരിപാടിയിൽ പരിശീലനത്തെപ്പറ്റിയും, സ്വഭാവ രൂപീകരണത്തെപ്പറ്റിയുമെല്ലാം ചർച്ചകൾ നടന്നു.

തിരുനെൽവേലി ജില്ലയിലെ തെങ്കാശിയിൽ എത്തിച്ചേർന്ന അദ്ദേഹം അവിടെ വൈകുന്നേരം നടത്തിയ സത്സംഗത്തിൽ അടുത്തുള്ള സെൻററുകളായ പുളിയംഗുഡി, കഡയനല്ലൂർ എന്നീ സ്ഥലങ്ങളിൽ നിന്നും എത്തിയ അഭ്യാസികളും പങ്കെടുത്തു. സഹജമാർഗ്ഗത്തെപ്പറ്റി അവർ മനസ്സിലാക്കിയതിനെക്കുറിച്ചും അവർക്ക് അനുഭവവേദ്യമായ മാറ്റങ്ങളെപ്പറ്റിയും അഭ്യാസികൾ സംസാരിച്ചു.


വടക്കൻകുളം


നൻഗുനേരി

ചർച്ചകൾക്കുശേഷം സഹോ. ടി വി. വിശ്വനാഥ റാവു 35 പേരുള്ള പുളിയംഗുഡി സെൻറർ സന്ദർശിച്ചു. അവിടെ നിന്നും അദ്ദേഹം രാത്രി തിരുപ്പൂരിലേക്ക് യാത്ര തിരിച്ചു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക
നവംബർ 2010 വാല്യം 3 ലക്കം 6



## ജബൽപൂരിൽ സോണൽ തലത്തിലുള്ള പ്രിഫെക്റ്റുകളുടെ കൂടിക്കാഴ്ച, എം.പി

2010 ആഗസ്റ്റ് 21,22 തീയതികളിൽ

പ്രിഫെക്റ്റുകൾക്കായി പുതുതായി പ്രകാശനം ചെയ്ത ഡിവിഡികളുടെ പ്രദർശനത്തോടെയാണ് ഈ പരിപാടി തുടങ്ങിയത്. സഹോ. സച്ചിൻ സിൻഹ മദ്ധ്യപ്രദേശിന്റെ ഒരു ജിഐഎസ് മാപ്പിന്റെ സഹായത്തോടെ ഒരോയിടത്തേയും അഭ്യാസികളുടെ എണ്ണവും ആശ്രമങ്ങളും സദസ്സിന് മുൻപാകെ പ്രദർശിപ്പിച്ചു. ആദ്യം പരിശീലനം പിന്നെ ജോലി എന്ന സാധാരണ രീതിക്കു വിപരീതമായി ഒരു പ്രിസെപ്റ്ററുടെ ജീവിതത്തിൽ എങ്ങനെ ആദ്യം ഉൾക്കൊള്ളാനുള്ള കഴിവു ലഭിക്കുകയും പിന്നീടതിനെ പ്രവർത്തിയിൽ കൊണ്ടുവരാൻ സാധിക്കുകയും, അതിൽ നിന്നും പഠിക്കുകയും അതിനെ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു എന്നതിനെക്കുറിച്ച് സഹോ.ഡോ.എൻ.വി.ദേശ്പാണ്ഡെ സംസാരിച്ചു. ഇതാണ് സഹജമാർഗ്ഗത്തിന്റെ പ്രത്യേകത. എല്ലാവർക്കും ചർച്ച ചെയ്യുന്നതിനായി ദശ സൂക്തങ്ങളെആസ്പദമാക്കി ചില പ്രധാനപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കുകയും അവ ചർച്ചചെയ്യുകയും ചെയ്തു.

ചില പ്രിഫെക്റ്റുകൾ തങ്ങളുടെ അനുഭവങ്ങൾ പങ്കിടുകയും തുടർന്ന് ഒരു ചോദ്യോത്തരവേളയും, കളിയും, ഡിവിഡി പ്രദർശനവും ഉണ്ടായി.

രണ്ടാം ദിവസം വീണ്ടും ഒരു ഡിവിഡി പ്രദർശനം ഉണ്ടായി. സോണിൽ ജോലി ചെയ്യുന്ന പ്രിഫെക്റ്റുകളുടെ കണക്കുകൾ എല്ലാവരുമായി പങ്കിട്ടു. ഇതേ തുടർന്ന് സോൺ തലത്തിൽ പ്രബന്ധ രചനയുടെ കൊ-ഓർഡിനേറ്ററായ സഹോ. നവീൻ മിശ്ര റിപ്പോർട്ടും, പ്രവർത്തന രീതിയും, അനുഭവങ്ങളും പങ്കിട്ടു.

ഉച്ചഭക്ഷണത്തിനു ശേഷം സഹോ. ആനന്ദ് പർമാർ “ഇമെയിലിനെയും മിഷൻ വെബ്സൈറ്റിനേയും പരിചയപ്പെടൽ” എന്ന വിഷയത്തെക്കുറിച്ച് നടത്തിയ പ്രഭാഷണം എല്ലാവർക്കും പ്രയോജനപ്പെട്ടു. 50% പേർക്കും മിഷന്റെ പുതിയ വെബ്സൈറ്റിനെക്കുറിച്ച് അറിയില്ലായിരുന്നു എന്നു ഇതിൽ നിന്നും വ്യക്തമായി. സഹോ. സച്ചിൻ സിൻഹ “അദ്ദേഹത്തെ ആന്തരീകരിക്കുക” എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. എംപി സോണിന്റെ വീക്ഷണം 2011 എന്നതിനെക്കുറിച്ച് സോണൽ ഇൻ ചാർജ് സംസാരിച്ചു. ഇതിൽ പത്ത് പ്രവർത്തന ആശയങ്ങളും അടങ്ങിയിരുന്നു.

എംപി സോണിന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്ന സഹോ. രാജേഷ് രാവർക്കർ, വളൻറിയർ മീറ്റിന്റെയും എസ്എംആർടിഐ കൊ-ഓർഡിനേറ്റർമാരുടെ കൂടിക്കാഴ്ചയുടെയും റിപ്പോർട്ട് പങ്കിടുകയും അടുത്ത വർഷത്തേക്കുള്ള പ്രവർത്തന കലണ്ടർ തയ്യാറായി വരുന്നതായും, തയ്യാറായ ഉടൻ അത് എല്ലാവർക്കും അയച്ചു തരുന്നതാണെന്നും അറിയിച്ചു. ജബൽപൂരിന്റെ സെൻറർ ഇൻ ചാർജായ സഹോ.ആനന്ദ് തന്റെ കൃതജ്ഞത പ്രകടിപ്പിക്കുകയും പരിപാടിയിൽ പങ്കെടുത്തതിൽ എല്ലാവരോടും നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. പരിപാടി നന്നായി സംഘടിപ്പിക്കാൻ സഹായിച്ച ജബൽപൂരിലെ അഭ്യാസികൾക്ക് അദ്ദേഹം പ്രത്യേകം നന്ദി പറഞ്ഞു. ഏതാണ്ട് 55 പ്രിഫെക്റ്റുകളും 50 വളൻറിയർമാരും ഈ പരിപാടിയിൽ പങ്കെടുത്തു.



## സെൻറർ ഇൻ ചാർജുകളുടെയും പ്രിഫെക്റ്റ് ഇൻ ചാർജുകളുടെയും കൂടിക്കാഴ്ച( വടക്കൻ തമിഴ്നാട് സോൺ)

തമിഴ്നാട്ടിൽ നിന്നും അൻഡമാൻ നിക്കോബാർ ദ്വീപുകളിൽ നിന്നുമായി 52 പേർ സപ്തംബർ 11-ന് ചെന്നൈയിലെ മണപ്പാക്കം ആശ്രമത്തിൽ ഒത്തുചേർന്നു.

സഹോ. എ.പി.ദുരൈയുടെയും (ജോ.സെക്രട്ടറി) സഹോ. എസ്.പ്രകാശിന്റെയും (സോണൽ ഇൻ ചാർജ്) പ്രഭാഷണത്തോടുകൂടി പരിപാടി ആരംഭിച്ചു.

മുൻകൂട്ടി തന്നെ ഗ്രൂപ്പുകൾ തയ്യാറാക്കുകയും വിഷയങ്ങൾ നൽകുകയും ചെയ്തതിനാൽ എല്ലാവരും തയ്യാറെടുപ്പോടുകൂടിയാണ് വന്നത്. “അഭ്യാസികളുടെ ആദ്ധ്യാത്മിക ഉന്നതിക്കായി സ്വീകരിക്കേണ്ട നടപടികൾ”, “ഒരു സെൻററിന്റെ നിദാനമായ വളർച്ച”, “അഭ്യാസികളിൽ വ്യക്തിത്വ രൂപാന്തരീകരണം”, “മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ യുവാക്കളിൽ കൂടുതൽ ശ്രദ്ധ” എന്നിവയായിരുന്നു വിഷയങ്ങൾ. ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാന വസ്തുതകൾ ഇവയാണ് - മിഷന്റെ പുസ്തകങ്ങൾ വായിക്കേണ്ടതിന്റെ പ്രാധാന്യം, സന്നദ്ധസേവനത്തിലൂടെയുള്ള സേവനം, ആന്തരിക ഉപാസന, മറ്റുള്ളവർക്കായി പ്രാർത്ഥിക്കുക, ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കുക, അഭ്യാസിയെ ശരിയായ രീതിയിൽ മാസ്റ്റർക്ക് പരിചയപ്പെടുത്തൽ, അച്ചടക്കം, സ്നേഹത്തോടെ സാധനയനുഷ്ഠിക്കുക, നിരന്തരസ്മരണ, സഹാനുഭൂതിയും വികാരവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയൽ, മൂല്യങ്ങളുടെ പ്രാധാന്യം, കൂട്ടായ പ്രവർത്തനം, എന്നിവ. ഇതൊരു നല്ല പഠന പരിചയവും വളരെയധികം ചിന്തിക്കാനും പ്രവർത്തിക്കാനും ഉള്ള ഒരു അവസരവും ഉണ്ടാക്കി.

വ്യക്തിഗത സിറ്റിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രിഫെക്റ്റുകൾ മറ്റു സെൻററുകളിലേക്ക് യാത്ര ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വെല്ലൂരിന്റെ ഹബ് ഇൻ ചാർജായ സഹോ. ലക്ഷ്മി നാരായണൻ സംസാരിച്ചു. സെൻററുകളിൽ എടിപികൾ വളരെയധികം പരിവർത്തനങ്ങൾ കൊണ്ടുവരുന്നതായും, കേന്ദ്രാടിസ്ഥാനത്തിലുള്ള ഒത്തുചേരലിന്റെ ആവശ്യകതയെക്കുറിച്ചും പുതിയ സെൻററുകൾ തിരിച്ചറിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

എസ്എംആർടിഐ, മെമ്പർഷിപ്പ്, പബ്ലിക്കേഷൻ, അക്കൗണ്ട്സ് എന്നീ ഡിപ്പാർട്ടുമെൻറുകളുടെ പ്രെസെൻറേഷനിലൂടെ ഒരോ ഡിപ്പാർട്ടുമെൻറിന്റെയും പ്രവർത്തന മേഖലയും അവർ സെൻററുകളിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമായി മനസ്സിലാക്കുവാൻ എല്ലാവരെയും സഹായിച്ചു.

തന്റെ സമാപന പ്രസംഗത്തിൽ സഹോ. എസ്.പ്രകാശ് മുൻപേ നടന്ന പ്രഭാഷണങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പത്ത് പ്രവർത്തന ആശയങ്ങൾ വിശദീകരിച്ചു.

എല്ലാ സെൻററുകളിലും എടിപി നടത്തുക, തുറന്ന സദസ്സുകൾ/ഗൃഹ സദസ്സുകൾ/വെൽകം ഡെസ്ക്, ഒരോരുത്തരുടെയും സാധനയിലും സിറ്റിങ്ങിലും പ്രാധാന്യം നൽകുക, പ്രിസെപ്റ്റർമാരുടെ മറ്റു സെൻററുകളിലുള്ള സന്ദർശനം, ഞായറാഴ്ചത്തെ പരിപാടി, പുതിയ സെൻററുകളുടെ വികസനം, യുവാക്കളുടെ വികാസം, ഭണ്ഡാരകളിലെ പങ്കെടുക്കൽ, മണപ്പാക്കം സന്ദർശനം, മിഷൻ സാഹിത്യം ഫലപ്രദമായി പ്രയോജനപ്പെടുത്തൽ എന്നിവയായിരുന്നു അത്. പങ്കെടുത്തവരെല്ലാവരും ചേർന്ന് മാസ്റ്ററെ സന്ദർശിക്കുകയും അദ്ദേഹം എല്ലാവരോടും “ഇനിമുതൽ നന്നായി പ്രവർത്തിക്കുക” എന്നു പറയുകയും ചെയ്തു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക
നവംബർ 2010 വാല്യം 3 ലക്കം 6

# അഭ്യാസി പരിശീലന പരിപാടികൾ


അലാഹബാദ്


റാഞ്ചി

ഇന്ത്യയിലുടനീളം "സ്മൃതി" രൂപപ്പെടുത്തിയെടുത്ത അഭ്യാസി പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. സഹജമാർഗ പദ്ധതി കൂടുതൽ ലളിതമാക്കാനും സ്ഥിരമായും ശരിയായ രീതിയിലും പരിശീലനം തുടരാനുള്ള ഉത്സാഹത്തിനും ഈ പരിപാടികൾ ഉതകുന്നുവെന്ന് അഭ്യാസികൾ അഭിപ്രായപ്പെടുന്നു. സഹജമാർഗ സാധനയുടെ എല്ലാ വശങ്ങളും സവിസ്തരം വിവരിക്കുന്നതിനാൽ സാധനയെ സംബന്ധിച്ച അഭ്യാസിയുടെ സംശയങ്ങൾ ദൂരീകരിക്കാനാവുന്നു. ഈ പരിപാടികൾ വളരെ ഉത്സാഹപൂർവമാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഇത് പരസ്പര ഇടപെടലിനും വഴിയൊരുക്കുന്നുണ്ട്. സാധനയുടെ അടിസ്ഥാനപരമായ കാര്യങ്ങളെപ്പറ്റിയുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിന് മാസ്റ്ററുടെ ഓഡിയൊ-വീഡിയോ വിശദീകരണങ്ങൾ സഹായകരമാകുന്നുവെന്ന് മിക്ക അഭ്യാസികളും സമ്മതിച്ചു. ഡയറി എഴുതുന്നതിൻെറ പ്രാധാന്യം, മിഷൻ പ്രസിദ്ധീകരണങ്ങൾ സ്ഥിരമായി വായിക്കുന്നതിൻെറ ആവശ്യകത, മുടങ്ങാതെ സത്സംഗത്തിൽ പങ്കെടുക്കുന്നതിൻെറ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച്ച അഭ്യാസികൾക്ക് ലഭ്യമായി എന്നവർ അറിയിച്ചു.

| സെൻററ് | തിയതി | പങ്കെടുക്കുന്ന സെൻററ് | സംഘാടകർ |
|---|---|---|---|
| സത്യമംഗലം | ആഗസ്റ്റ് 29 | സത്യമംഗലം,പുലിയമ്പെട്ടി,അണ്ണൂർ സെൻററ് | സഹോ.അശോകൻ, സഹോ. അണ്ണാദുരൈ, സഹോ. പളനി കുമാരൻ (പ്രിഫക്റ്റ് കോയമ്പത്തൂർ സെൻററ്) |
| കെ.ജി.എഫ്.സെൻററ് | സപ്തംബർ 5 | കെ.ജി.എഫ്. മുൾബാഗൽ, കുപ്പം (എ.പി.) | സഹോ. ശശികാന്ത്, സഹോ.ശ്രീധർ, മൈസൂർ |
| ജാംഷെദ്പൂർ | സപ്തംബർ 18 | | സഹോ. അനസൂയ രാമചന്ദ്രൻ |
| ഉന, എച്ച്.പി. | ഒക്ടോബർ 3 | ഉന, ബജൗര(കുല്ലു), പാലംപൂർ | എ.ടി.പി. ടീം, ജമ്മു |
| മുംബൈ | ആഗസ്റ്റ് 14 | | സഹോ. മണി |
| നാന്ദെഡ് | ആഗസ്റ്റ് 22 | | ഡോ.പരിഹാർ,ഡോ. ചൗധരി, ചിക്കാലി സെൻററ് |
| സേദം,ഗുൽബർഗ | സപ്തംബർ 5 | | |
| റായ്ചൂർ,വടക്കൻ കർണ്ണാടക | സപ്തംബർ 12 | | സഹോ.പ്രഹ്ലാദ് പക്നിക്കർ |
| ഗുൽബർഗ | സപ്തംബർ 19 | | സഹോ.നിജലിംഗപ്പ, സഹോ.മഹേഷ് ദേശ് പാണ്ഡേ |
| കർണൂൽ | ആഗസ്റ്റ് 22 | | |
| അനന്ത്പൂർ | ആഗസ്റ്റ് 29 | | |
| നന്ദ്യാൽ | സപ്തംബർ 12 | | |
| കഡപ്പ | സപ്തംബർ 19 | | |
| ഹിന്ദ്പൂർ | ഒക്ടോബർ 10 | | സ്മൃതി ചൗബെ, സഹോ.നീര വർമ , സഹോ. ഇന്ദു പാണ്ഡെ, സഹോ.അതുൽ ജൈൻ |
| റാഞ്ചി | ഒക്ടോബർ 2 | | |
| വിരുതനഗർ | സപ്തംബർ 26 | വിരുതനഗർ, ശ്രീവില്ലിപുതുർ,(ശിവകാശി,കോവിൽപട്ടി) | സഹോ.ബാല സുബ്രമണ്യൻ |
| ഹാഞ്ചി | സപ്തംബർ 26 | ബിഹാർ,ഝാർക്കണ്ഡ് | സഹോ.അനസൂയ സാമചന്ദ്രൻ |


വിരുതനഗർ


അനന്ത്പൂർ


സേദം

## പ്രാദേശിക സെമിനാർ ആലുവ



2010 സപ്തംബർ 10 മുതൽ 12 വരെ തിയതികളിൽ ഒരു ത്രിദിന പ്രാദേശിക സെമിനാർ ആലുവ സോണൽ ആശ്രമത്തിൽ നടത്തി. സത്സംഗത്തോടെ സെമിനാർ തുടങ്ങി. ആദ്യമായി അടിസ്ഥാന പരിശീലന പരിപാടി, 'സ്മൃതി' തയ്യാറാക്കിയ സി.ഡി. പ്രദർശനത്തോടെ തുടങ്ങി. ഉച്ചഭക്ഷണത്തിനു ശേഷം അഭ്യാസികളുടെ അവതരണത്തിനും ചർച്ചയ്ക്കും വിനിയോഗിച്ചു. തിരുപ്പൂരിലെ സഹോ. എൻ.പ്രകാശ്, സെമിനാറിനെക്കുറിച്ച് ഒരു ലഘു പ്രഭാഷണം ചെയ്യതിനുശേഷം സത്സംഗം നടത്തി. കേരളത്തിൽ സഹജമാർഗത്തിൻെറ വളർച്ചയിൽ മാസ്റ്റർ സംതൃപ്തനാണെന്ന് അദ്ദേഹം അറിയിച്ചു.

11-ാം തിയതി രാവിലെ 6.30-ന് പ്രിസപ്റ്റർമാർക്കായി ഒരു സത്സംഗം നടത്തി. തുടർന്ന് 9 മണിക്ക് വീണ്ടും സത്സംഗം ഉണ്ടായി. സഹോ. പ്രകാശ് വെളിച്ചം വിതറുന്ന പ്രസംഗം നടത്തി. ഗുരുവിനെ നിരീക്ഷിക്കുക, അനുസരിക്കുക, പകർത്തുക എന്നതായിരുന്നു പ്രസംഗത്തിൻെറ കാതൽ. ഡോ.സി.സതീശൻ പ്രസംഗത്തിൻെറ മലയാളപരിഭാഷ നടത്തി. ഉച്ചഭക്ഷണത്തിനുശേഷം അഭ്യാസികൾ പ്രസംഗത്തെക്കുറിച്ചുള്ള തങ്ങളുടെ അഭിപ്രായം പറഞ്ഞു. പ്രാദേശികരായവർക്കുവേണ്ടി സോണൽ ഇൻ ചാർജ് സഹോ.കെ.യു.മോഹൻ ഒരു പൊതുസമ്മേളനം നടത്തി. 12-ാം തിയതി രാവിലെ 7.30-ന് സത്സംഗത്തോടെ പരിപാടി സമാപിച്ചു. ഉപസംഹരിച്ചു കൊണ്ട് സഹോ.പ്രകാശും സഹോ.സുന്ദരവും സംസാരിച്ചു. ആലുവായ്ക്കടുത്ത 7 സെൻററുകളിൽ നിന്നും 7 സബ്സെൻററുകളിൽ നിന്നുമായി 230-ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

## അലഹബാദ്

2010 ആഗസ്റ്റ് 15-ന് ഹിന്ദിയിൽ ഒരു എ.ടി.പി. അലഹബാദ് സെൻററിൽ നടത്തി. അലഹബാദ്, ഝാൻസി സെൻററുകളിൽനിന്നായി 35 ഓളം പേർ ഇതിൽ പങ്കെടുത്തു. സെൻറർ ഇൻ ചാർജ് സഹോ.ത്രിവേദി സ്വാഗത പ്രസംഗം നടത്തി. സഹോ. ഉമാശങ്കർ (സെക്രട്ടറി) ഉദ്ഘാടനം ചെയ്ത പരിശീലനപരിപാടി സഹോ. ലളിത ശർമ്മയും മറ്റു ടീം അംഗങ്ങളും ചേർന്ന് നിയന്ത്രിച്ചു. ഓരോ ഘട്ടത്തിനുശേഷവും സംശയനിവാരണമുണ്ടായിരുന്നു. 2010 സപ്തംബർ 5-ന് ഒരു എ.ടി.പി. കൂടി സെൻററിൽ നടത്തി. അലഹബാദ്, ഝുസി, ബാൻഡ,താർവായ്, ബമ്പൂർ എന്നിവിടങ്ങളിൽ നിന്നുള്ള 36 അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

## തിരുപ്പൂർ, തമിഴ്നാട്(തെക്ക്)



നാഷണൽ സർവ്വീസ് സ്കീമിൻെറ ആഭിമുഖ്യത്തിൽ തിരുപ്പൂരിലെ കെ.എസ്.സി. സ്കൂളിലെ 25 ഓളം വിദ്യാർത്ഥികൾക്കായി ഡയമണ്ട് ജൂബിലി പാർക്കിൽ സപ്തംബർ 25 മുതൽ ആറു ദിവസത്തേക്ക് ഒരു ക്യാമ്പ് നടത്തി. ഇവർ ആശ്രമ പരിപാലന ജോലികൾ ചെയ്തു. എല്ലാ ദിവസവും ഉച്ചക്ക് 2.30-ന് അച്ചടക്കത്തെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും മാസ്റ്ററുടെ ബോധനങ്ങൾ ഇവരെ കേൾപ്പിച്ചു.

ഒക്ടോബർ 3-ന് ഞായറാഴ്ച തിരുപ്പൂരിലെ ചെട്ടിപ്പാളയം യോഗാശ്രമത്തിൽ വെച്ച് ഒരു തുറന്ന സദസ്സ് നടത്തി. സത്സംഗത്തിനു ശേഷം സോണൽ ഇൻ ചാർജ് സഹോ. ടി.വി. വിശ്വനാഥ റാവു പങ്കെടുത്തവരെ സ്വാഗതംചെയ്തു. 45 ഓളം ക്ഷണിതാക്കൾ ഈ പരിപാടിയിൽ പങ്കെടുത്തു. സെൻറർ ഇൻ ചാർജ് സഹോ. ആർ. ഷൺമുഖം, സഹോ.എൻ.പി. പ്രകാശ് എന്നിവർ വിശദമായി സഹജമാർഗ പദ്ധതി വിവരിച്ചു. മിഷനിൽ ചേരുന്നതിനായി 22 പേർ സന്നദ്ധത പ്രകടിപ്പിച്ചു. അതേ ദിവസം തന്നെ അവർ ആദ്യത്തെ സിറ്റിംഗ് എടുക്കുകയും ചെയ്തു.

## റായ്പൂർ

റായ്പൂർ സെൻറർ "ജവാന്മാരുടെ ജീവിതത്തിൽ ധ്യാനത്തിൻെറ പ്രസക്തി" എന്ന വിഷയത്തെ അധികരിച്ച് ഒരു തുറന്ന സദസ്സ് സപ്തംബർ 23-ന് 65.ബറ്റാലിയൻ സി.ആർ.പി.എഫ്.ൻെറ ആസ്ഥാനമായ ബരാദേര ക്യാമ്പിൽ വെച്ച് നടത്തി. റായ്പൂർ സി.ആർ.പി.എഫിൻെറ ഡി.ഐ.ജി.ആയ സഹോ.സന്ദീപ്ദത്തയാണ് ഈ പരിപാടിക്കായി മുൻ കൈ എടുത്തത്.



അസ്ഥിരത മുഖമുദ്രയായ ഒരു പന്തിനോട് മനുഷ്യൻെറ മനസ്സിനെ ഉപമിച്ചുകൊണ്ട് അതിൻെറ ആ ഭാവത്തെപ്പറ്റി സഹോ.രജനി ദത്ത സംസാരിച്ചു. അത്തരം അസ്ഥിരത ഇല്ലാതാക്കേണ്ടതിൻെറ ആവശ്യകതയും അവർ ഊന്നിപ്പറഞ്ഞു. സഹോ.ദീപക് ത്യാഗി, ജവാന്മാരുടെ നിത്യജീവിതത്തിൽ, ധ്യാനത്തിൻെറ ആവശ്യകതയെപ്പറ്റി വിവരിച്ചു. ധ്യാനത്തിലൂടെ ആത്യന്തികതയുമായി ബന്ധം സ്ഥാപിക്കാമെന്നതിനുമൊപ്പം, തങ്ങളുടെ രാജ്യത്തേയും കുടുംബത്തെയും സന്തോഷത്തോടെയും സംതൃപ്തിയോടെയും കാത്തു സൂക്ഷിക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ജവാന്മാരുടെ ചോദ്യങ്ങളേയും ഉത്ക്കണ്ഠയേയും ത്യാഗി അകറ്റി. പിരിമുറുക്കങ്ങളും ക്ലേശങ്ങളും, അകാരണ ഭയം, പ്രതീക്ഷ നഷ്ടമായ അവസ്ഥ, ഉറക്കകുറവ് തുടങ്ങിയവയായിരുന്നു അവരുടെ പ്രശ്നങ്ങൾ. ധ്യാനത്തിൻെറ പ്രബലതയെപ്പറ്റി സഹോ. ത്യാഗി ഊന്നിപ്പറഞ്ഞു. എല്ലാ പ്രശ്നങ്ങളുടേയും അവസാന വാക്കായി ഇതിനെ കണക്കാക്കാമെന്നും അദ്ദേഹം പറഞ്ഞു.

## വി.ബി.എസ്.ഇ.സെമിനാറും ശിൽപശാലയും- ആലുവ, കേരളം



കേരളത്തിൽ ആലുവയിലെ സോണൽ ആശ്രമത്തിൽ ആഗസ്റ്റ് 29-ന് അഞ്ചാംക്ലാസു മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു സെമിനാർ നടത്തി. വിവിധ സ്കൂളുകളിൽ നിന്നായി 45 ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത ഈ സെമിനാർ രാജശ്രീ സ്കൂളിന്റെ പ്രിൻസിപ്പാൾ ശ്രീമതി സൂസൻ ജോൺ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായി പദ്യ പാരായണം, പ്രസംഗം തുടങ്ങിയവയ്ക്കായി മത്സരവും, തുടർന്ന് ക്വിസ് മത്സരവും നടത്തി. കുട്ടികളുടെ പ്രതികരണം ഉത്സാഹജനകമായിരുന്നു. തങ്ങളുടെ സ്കൂളിലെ അധ്യാപകർക്കായി ഒരു ശിൽപശാല നടത്തുന്നതിന് പ്രിൻസിപ്പാൾ അഭ്യർത്ഥിച്ചു. അപ്രകാരം സപ്തംബർ 25-ന് ശനിയാഴ്ച കൊടുങ്ങല്ലൂരിലെ രാജശ്രീ എസ്.എം.എം.സ്കൂളിലെ അദ്ധ്യാപകർക്കായി മുഴുദിന വി.ബി.എസ്.ഇ. ശിൽപശാല നടത്തി. പരിപാടിയിൽ എ.മാധവൻ, ടി.പി.നാരായണൻ, എ.ജയപ്രകാശ്, വിജയകൃഷ്ണൻ എന്നീ സഹോദരന്മാർ സംസാരിച്ചു.

## വി.ബി.എസ്.ഇ. വിവരങ്ങൾ-ഗുജറാത്ത്

തെക്കെ ഗുജറാത്ത് സോണിന്റെ വി.ബി.എസ്.ഇ. കോ ഓർഡിനേറ്ററായി ബറോഡ സെൻററിലെ സഹോ. വിലാസ് ഭോണ്ടെ നിയമിതനായി. വി.ബി.എസ്.ഇ. സിലബസ്, അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനായി ഗുജറാത്ത് മുഴുവനും വളൻറിയർമാരെ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ബറോഡ, വാപി, ഭാവ്നഗർ, അഹമ്മദാബാദ്, സൂറത്ത്, ആനന്ദ്, ദാമൻ, നവ്സാരി, വത്സാദ്, ഭുജ്, ജാംനഗർ, രാജ്കോട്ട്, തുടങ്ങിയ സ്ഥലങ്ങളിൽ സ്കൂളുകളുമായി ബന്ധപ്പെടുക, പഠന വിഷയങ്ങൾ തയ്യാറാക്കുക, വളൻറിയർമാരെ പരിശീലിപ്പിക്കുക തുടങ്ങിയവയിൽ വ്യാപൃതരാണ്. കൂടാതെ, കൂടുതൽ ഉൾക്കാഴ്ച ലഭിക്കുവാനായി ഇവ അഭ്യാസികൾക്കും വിശദീകരിച്ചു കൊടുക്കുന്നുണ്ട്.

ചില സ്കൂളുകളിൽ വി.ബി.എസ്.ഇ. ക്ലാസുകൾ തുടങ്ങിയിട്ടുണ്ട്. സ്മൃതിയുടെ പുതിയ സിലബസ്സിനെ അധികരിച്ച് തയ്യാറാക്കിയിട്ടുള്ള പരിപാടി പങ്കെടുക്കുന്നവരിൽ ഔത്സുക്യം വളർത്തിയിട്ടുണ്ട്. പുതുമയേറിയ വിവിധ പരിശീലന പരിപാടികൾ അദ്ധ്യാപകരെ ആകർഷിക്കുകയും ഇത് പൂർണ്ണമായി ആസ്വദിക്കുവാൻ അവരെ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ 'അര ദിവസ' പരിപാടികളിലും വിവിധ പ്രവർത്തനങ്ങൾ അഭ്യാസികളുടെ ഇടയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്, അത് അഭ്യാസികളുടെ ഇടയിൽ 'നവരത്ന' വളർത്തിയെടുക്കാൻ സഹായിക്കും.

ഗുജറാത്തിലെ രണ്ടു സോണുകളിലുമുള്ള പത്തു വ്യത്യസ്ത സെൻററുകളിലെ 13 സ്കൂളുകളിലും വി.ബി.എസ്.ഇ. പൈലറ്റ് പ്രോജക്റ്റായി നടത്താനാണ് പദ്ധതിയിട്ടിട്ടുള്ളത്. സഹോ. താരാ ചൗഹാൻെറയും പരിഭാഷാ ടീമിന്റെയും സഹായത്താൽ സിലബസ്സ് പുസ്തകങ്ങൾ ഗുജറാത്തിയിലേക്ക് പരിഭാഷപ്പെടുത്തുന്നത് തുടങ്ങി കഴിഞ്ഞു.



## കനകപുര, കർണ്ണാടക

കനകപുര ലയൺസ് ക്ലബ് അംഗങ്ങളായ സഹോ. സ്വാമിയും സഹോ. വെങ്കടേഷും ചേർന്ന് കനകപുരയിൽ വി.ബി.എസ്.ഇ. സെമിനാർ സംഘടിപ്പിക്കുവാൻ സഹായിച്ചു. സപ്തംബർ 13-ന് ലയൺസ് ഹൈയ്യർ സെക്കൻററി സ്കൂളിലേയും ഹംസവാഹിനി ഹൈയ്യർ പ്രൈമറി സ്കൂളിലേയും 36 ഓളം അദ്ധ്യാപർക്കായി പരിശീലന പരിപാടി നടത്തി.

അഞ്ചുമിനിട്ടു നീണ്ടുനിന്ന മൗന പ്രാർത്ഥനയോടെ പരിപാടി, സഹോ. മാധുരിയുടെ കാർമ്മികത്വത്തിൽ തുടങ്ങി. മിഷനെ കുറിച്ച് ഒരു ലഘുവിവരണം അവർ നടത്തി.തുടർന്ന് 'മൂല്യങ്ങളെന്താണ്', 'മൂല്യങ്ങളുടെ ആവശ്യകത', 'അദ്ധ്യാപകരുടേയും മാതാപിതാക്കളുടേയും പങ്ക്', 'കുട്ടികൾക്കായി ശരിയായ അന്തരീക്ഷം സൃഷ്ടിക്കുക', തുടങ്ങിയ വിഷയങ്ങളെഅധികരിച്ച് അവർ സംസാരിച്ചു. കൂട്ടായ ചർച്ചകൾ, കളികൾ തുടങ്ങി വിവിധ പരിപാടികളിലൂടെ കാര്യപരിപാടി പുരോഗമിച്ചു. പങ്കെടുക്കുന്നവർ ഉത്സാഹപൂർവ്വം ഇടപെട്ടു. തങ്ങളുടെ ക്ലാസ്സുകളിൽ വി.ബി.എസ്.ഇ.പരിപാടികൾ നടപ്പിലാക്കാനുള്ള തീരുമാനത്തോടെയാണ് അദ്ധ്യാപകർ തിരികെ പോയത്.

ചർച്ച ചെയ്ത് ആവശ്യമെങ്കിൽ കൂടുതൽ സഹായങ്ങൾ നൽകാനും അവരുടെ അഭിപ്രായങ്ങൾ ലഭ്യമാക്കാനുമായി വി.ബി.എസ്.ഇ. ടീം കനകപുരയിലെ സ്കൂളുകളുമായി പതിവായി ബന്ധപ്പെടും.

## റാഞ്ചി

"സഹജീവികൾക്ക് ഉപയുക്തമാകാത്ത, പാണ്ഡിത്യത്തിനു വേണ്ടി മാത്രമായിട്ടുള്ള അറിവ് പുരോഗമന സാദ്ധ്യതയില്ലാത്ത ഒരു അവസ്ഥയിലേക്ക് നയിക്കുന്നു. അത് പൂർത്തിയാക്കാനാവാത്ത മോഹഭംഗത്തിന്റെ അന്ധമായ ഊടുവഴിയിലേക്ക് മാത്രമേ നയിക്കൂ. വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിനും ജീവിത മൂല്യ ലഭ്യതയ്ക്കും ഉതകാത്ത വിദ്യാഭ്യാസം അർത്ഥശൂന്യമായ ആചാരം മാത്രമാകുന്നു. അനുപമമായ ഒരു രാജ്യം കെട്ടിപ്പടുക്കുന്നതിനായി, ഇന്ത്യയിലെ ഓരോ വിദ്യാർത്ഥിക്കും മാനസികവും ശാരിരികവുമായ കഴിവ് വളർത്തിയെടുക്കാനാവശ്യമായ അത്തരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നുണ്ടെന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉറപ്പാക്കണം. നമ്മുടെ പൗരാണിക പാരമ്പര്യത്തിൽ നാമെല്ലാം അഭിമാനം കൊള്ളുന്നു. അതോടൊപ്പം നമ്മുടെ ഭാവിയും അത്തരത്തിൽ തിളക്കമുറ്റതാവുമെന്ന് നാം ഉറപ്പാക്കുകയും വേണം."
-ഡോ. ശ്രീമതി സരള ബിർള

റാഞ്ചിയിലെ വി.ബി.എസ്.ഇ. വളൻറിയർമാർ, സ്ഥാപക സരളബിർളനൽകിയ മൂല്യങ്ങളെഅടിസ്ഥാനമാക്കി, നാലു മണിക്കൂർ നീണ്ടുനിന്ന പരിപാടിയിൽ പൂർണ്ണമായ ശ്രദ്ധയോടെ പങ്കെടുത്ത, 50 ഓളം അദ്ധ്യാപകർക്ക് പുതിയ പാഠ്യപദ്ധതി അവതരിപ്പിക്കുകയും ആകർഷകമായ വിശദീകരണങ്ങളിലൂടെ അതിന്റെ ആവശ്യകത അവരെ മനസ്സിലാക്കുകയും ചെയ്തു.

തങ്ങളുടെ പാഠ്യപദ്ധതിയുമായി 'സ്മൃതി'യെ ഇണക്കികൊണ്ട് എങ്ങനെ മുന്നോട്ട് പോകാമെന്ന് ചർച്ച ചെയ്യുവാൻ സ്കൂൾ അധികൃതർ സമ്മതിച്ചിട്ടുണ്ട്.

ഈ പരിപാടി ആസൂത്രണം ചെയ്ത് അവതരിപ്പിക്കുന്നതിൽ വളൻറിയർമാരായ സുനന്ദ ചൗഹാൻ, അനിത തിവാരി, ശീതൾ ചൗഹാൻ, അനുരാധ ചൗഹാൻ, സംഗീത സോമാനി, മനോജ് തിവാരി, ഡോ.ശ്യാം നാരായൺ, രാമാവതാർ സാഹു, ശോഭ സാഹു, അരുൺ കുമാർ ലാൽ തുടങ്ങിയവർ ഉൾപ്പെട്ടിരുന്നു.



# ജിജ്ഞാസയോടു കൂടിയ വിദ്യാർത്ഥികളും യുവാക്കളും

## അഹമ്മദാബാദ് സെമിനാർ

"ധ്യാനത്തിലൂടെ മന:ക്രമീകരണം" എന്ന എസ്.ആർ.സി.എം.ന്റെ സൂചന ബോർഡ്, അഹമ്മദാബാദിലെ നിർമ്മ യൂണിവേഴ്സിറ്റിയിലെ ഒരു കൂട്ടം വിദ്യാർത്ഥികൾ വായിക്കാനിടയായി. മിഷനെപ്പറ്റി കൂടുതൽ അറിയുവാൻ അവർ ഔത്സുക്യം പ്രകടിപ്പിക്കുകയും അപ്രകാരം അദാലജ് ആശ്രമത്തിൽ അവർക്കായി ഒരു സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. ഒക്ടോബർ 2-ന് നടത്തിയ 90 മിനിട്ടു നീണ്ടുനിന്ന പരിപാടിയിൽ 19-നും 23-നും ഇടയിൽ പ്രായമുള്ളവരാണ് പങ്കെടുത്തത്. സെൻറർ ഇൻ ചാർജ് സഹോ. ജിഗ്നേഷ് പരിപാടി നിയന്ത്രിച്ചു. പങ്കെടുത്തവർക്ക് തങ്ങളുടെ ജന്മസ്ഥലങ്ങളിലെ സെൻറർ ഇൻ ചാർജുമാരെ ബന്ധപ്പെടുവാനുള്ള വിവരങ്ങൾ നൽകി. സൂചന ബോർഡ് കണ്ട് മിഷനിലേക്ക് ആകൃഷ്ടരായി എന്നത് രസകരമായ അനുഭവമായി.

## സിദ്ധിപ്പെറ്റ് , ആന്ധ്രാ പ്രദേശ്

അടുത്തിടെ നടന്ന പ്രബന്ധ രചന 2010-ലെ ചിന്തോദ്ദീപങ്ങളായ വിഷയങ്ങളിൽ പ്രചോദിതരായി, ആന്ധ്രപ്രദേശിലെ ഗജ്വേലിൽ ഗവൺമെൻറ് ഡിഗ്രി കോളേജ് ഓഫ് വിമൺസിന്റെ പ്രിൻസിപ്പളായ ഡോ. വെങ്കട്ടരമണ 'മനോനിയന്ത്രണം' എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാർ നടത്താനായി സിദ്ധിപ്പെറ്റ് സെൻററിനോട് അഭ്യർത്ഥിച്ചു. ഒക്ടോബർ 6-ന് നടത്തിയ പരിപാടിയിൽ 80 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. "ധ്യാനത്തിലൂടെ മനോനിയന്ത്രണം.", "ജീവിതാരംഭത്തിൽ തന്നെ ലക്ഷ്യം ഉറപ്പിക്കേണ്ടതിന്റെ ആവശ്യകത", തുടങ്ങിയ വിഷയങ്ങളെഅധികരിച്ച് പ്രിസപ്റ്റർമാർ സംസാരിച്ചു.

## ഖാനാപൂർ, നോർത്ത് കർണ്ണാടക

"വർത്തമാന കാലത്ത് ഉന്നതവിദ്യാഭ്യാസത്തിൽ ആത്മീയ പരിശീലനത്തിന്റെ ആവശ്യകത" എന്ന വിഷയം ആസ്പദമാക്കി സപ്തംബർ 9-ന് ബെൽഗാം ജില്ലയിലെ ഖാനാപൂരിലെ മറാത്ത മണ്ഡൽ ആർട്ട്സ് ഏൻറ് സയൻസ് കോളേജ് ഒരു സെമിനാർ നടത്തി. മിഷനെയും ഇതിൽ പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു. കൂടാതെ കോളേജ് സോവനീറിൽ പ്രസിദ്ധീകരിക്കുവാൻ ഒരു ലേഖനം ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനമൊട്ടാകെ 150 ഓളം വിദ്യാർത്ഥികളും മറ്റു പ്രതിനിധികളുമായി പങ്കെടുത്തു.

വർത്തമാനകാലത്ത് ആത്മീയതയുടെ പ്രസക്തി, മാനവജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം, യുവാക്കൾക്ക് പരിശീലിക്കാവുന്ന ആത്മീയ സാധനകൾ തുടങ്ങിയ വിഷയങ്ങളിൽ സഹോ. രാജു കഷാമ്പുർക്കർ മിഷനെ പ്രതിനിധീകരിച്ച് സംസാരിച്ചു. സഹജമാർഗത്തിൽ താൽപര്യം പ്രകടിപ്പിച്ചവർക്ക് മിഷന്റെ ലഘുലേഘകൾ വിതരണം ചെയ്തു.

## യുവാക്കൾക്കായുള്ള ഉന്നത പഠനശിബിരം, ബാംഗളൂർ

യുവാക്കൾക്കായുള്ള ഒരു ത്രിദിന റെസിഡെൻഷ്യൽ അഡ്വാൻസ്ഡ് സെമിനാർ ബാംഗളൂരിൽ സപ്തംബർ 10 മുതൽ 12 വരെ നടത്തി. പ്രതിപാദ്യ വിഷയം "നമ്മളാണ് നമ്മുടെ ഭാവി" എന്നതായിരുന്നു. സോണിലെ യുവാക്കളിൽ സാധന, പത്തു പ്രമാണങ്ങൾ, മാറ്റത്തിനോടുള്ള എതിർപ്പ്, ലക്ഷ്യത്തെ സ്വീകരിക്കൽ, അഹംഭാവം ഉയർത്തുന്ന വെല്ലുവിളി, നിസ്വാർത്ഥസേവനം, ഭാവിയിലെ നേതൃത്വമെന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ ഉൾക്കാഴ്ച്ച ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. സഹജമാർഗത്തിൽ മൂന്നു വർഷത്തോളം പരിചയമുള്ള 20-നും 35-നും ഇടയിൽ പ്രായമുള്ള 31 അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

സെമിനാറിനു മുമ്പ് തന്നെ യുവാക്കളുമായി ചർച്ച ചെയ്ത ശേഷം പ്രാധാന്യം കൊടുക്കേണ്ട വിഷയങ്ങൾ തീരുമാനിച്ചു. സഹജമാർഗ തത്വങ്ങൾ തങ്ങളുടെ ആത്മീയ അനുഭവങ്ങളുമായി ചേർത്തു നോക്കിയും, മാസ്റ്ററുമൊത്തുള്ള ഇടപെടലിൽനിന്നു ലഭിച്ച ഉൾക്കാഴ്ച്ചയും കൂട്ടിച്ചേർത്തുകൊണ്ട് കോഓർഡിനേറ്റർമാർ നന്നായി അവതരിപ്പിച്ചു.

പങ്കെടുത്തവരിൽനിന്നുള്ള പ്രതികരണം ഉന്മേഷജനകമായിരുന്നു. ഹൃദയവും മനസ്സും തമ്മിലുള്ള വ്യത്യാസം ആദ്യമായി മനസ്സിലാക്കാനായി എന്ന് ചിലർ പറഞ്ഞു. തങ്ങളുടെ സാധനയിൽ പ്രതിബദ്ധരായിരിക്കുമെന്നും സഹജമാർഗ്ഗത്തിന്റെ വിവിധ വശങ്ങളിലേക്ക് ആഴ്ന്നിറങ്ങാൻ ഈ സെമിനാർ സഹായിച്ചുവെന്നും അഭിപ്രായം ഉയർന്നു.

## മംഗലാപുരം, തെക്കെ കർണ്ണാടക

സപ്തംബർ 18-ന് മംഗലാപുരത്തെ ശ്രീനിവാസ ഇൻസ്റ്റിട്ടൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൽ വെച്ച് ഒരു തുറന്ന സദസ്സ് എസ്.ആർ.സി.എം. നടത്തി. 120 ഓളം എംബിഎ വിദ്യാർഥികൾ പങ്കെടുത്തു. ആതിഥ്യ പ്രസംഗം സഹോ. പ്രസാദ് കൃഷ്ണ നടത്തി. "മനോനിയന്ത്രണത്തിന് ധ്യാനം" ചർച്ചാ വിഷയമായിരുന്നു. സഹോ. കൃഷ്ണ, ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും, സമയം ഉചിതമായി വിനിയോഗിക്കേണ്ടതിനെപ്പറ്റിയും സംസാരിച്ചു. അതിനാൽ, വർത്തമാനകാലം സോദ്ദേശ്യമായും ഫലപ്രദമായും ഉപയുക്തമാക്കാൻ സഹജമാർഗ പരിശീലനം തുടങ്ങുവാൻ സദസ്യരെ അദ്ദേഹം ക്ഷണിച്ചു. മിഷനെക്കുറിച്ചും പരിശീലനക്രമത്തെക്കുറിച്ചും ചുരുക്കത്തിൽ അദ്ദേഹം വിശദീകരിച്ചു. അധികൃതർ സന്തോഷവാന്മാരായി; 15 വിദ്യാർത്ഥികൾ മിഷനിൽ ചേരുവാൻ ഔത്സുക്യം പ്രകടിപ്പിക്കുകയും ചെയ്തു.

ഖാനാപൂർ




ബാംഗളൂർ



ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശ കേന്ദ്രം





## സൊണെപെറ്റ്, ഹരിയാന

സെക്ടർ 12, ഭാഗം 4, 8 സോനെപെറ്റ്-ബഹാൽ ഗർ റോഡിനോട് ചേർന്ന്, ഫസിൽപൂർ പവർ ഹൗസിൻെറ അടുത്താണ് സോനെപെറ്റ് ആശ്രമം സ്ഥിതി ചെയ്യുന്നത്. സോനെപെറ്റ് റെയിൽവേ സ്റ്റേഷനിൽ നിന്നും 4 കി.മി. ദൂരെയും, ബസ് സ്റ്റാൻറിൽനിന്നും 3 കി.മി. ദൂരെയും ആണ് ആശ്രമം. ന്യൂഡൽഹി ചണ്ഡിഗർ നാഷണൽ ഹൈവേ നമ്പർ 1, ബഹാൽഗർ ചൗക് ഇവിടെനിന്നും 5 കി.മി. ദൂരെയാണ്. ഹരിയാണ അർബൻ ഡവലപ്മൻറ് അതോറിറ്റി 1140 സ്കചയർ മീറ്റർ സ്ഥലം 2003–ൽ അനുവദിച്ചു. സോനെപെറ്റ് സെൻററിലെ അഭ്യാസികൾ അതിനു വേണ്ടിവന്ന ചിലവു മുഴുവൻ വഹിക്കുകയും 2003 ഡിസമ്പർ 5–ാം തിയതി മാസ്റ്റർ ഭൂമിപൂജ നടത്തുകയും ചെയ്തു.

സോനെപെറ്റ് സെൻററിലെ ഏറ്റവും ഇളയ അഭ്യാസി തറക്കല്ലിട്ടുകൊണ്ട് 2005 ഒക്ടോബർ 9–ാം തിയതി കെട്ടിടത്തിൻെറ പണി തുടങ്ങി. 2007 ഒക്ടോബറിൽ ആശ്രമത്തിൻെറ പണി പൂർത്തിയായി. ഇവിടത്തെ അഭ്യാസികൾ വളൻറിയർമാരായും മറ്റു തരത്തിലും അകമഴിഞ്ഞ് സംഭാവന ചെയ്തു. നിർമ്മാണ ചിലവ് ഗണ്യമായി ലഘൂകരിക്കുവാൻ ഇത് സഹായകമായി.

2009 ഫെബ്രുവരി 2–ാം തിയതി, ബസന്ത് പഞ്ചമി നാളിൽ ആദ്യത്തെ സത്സംഗം നടത്തി. 2009 ഫെബ്രുവരി 7–ാം തിയതി മാസ്റ്റർ ആശ്രമ മന്ദിരം ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ അദ്ദേഹം“ ദൈവത്തിന് മതമുണ്ടെങ്കിൽ, അല്ലെങ്കിൽ എന്തെങ്കിലും അരുളുവാനുണ്ടെങ്കിൽ, അല്ലെങ്കിൽ തന്നെ തന്നെ ഉയർത്തിക്കാട്ടണമെങ്കിൽ, തന്നെ തന്നെ പ്രത്യക്ഷീകരിക്കണമെങ്കിൽ, ദൈവം സ്നേഹമാണ്. സ്നേഹിക്കുവാൻ പഠിക്കുമ്പോൾ നാം ദൈവത്തെ പ്പോലെയാകുന്നു”എന്ന്പറഞ്ഞു.

താഴത്തെ നിലയിൽ 4162 ചതുരശ്ര അടിയും, ഒന്നാം നിലയിൽ 4027 ചതുരശ്ര അടിയും ചേർന്നതാണ് ആശ്രമ മന്ദിരം. താഴത്തെ നിലയിൽ ഉള്ള രണ്ട് താമസ സൗകര്യങ്ങളിൽ ഓരോന്നിലും 100 അഭ്യാസികളെഉൾക്കൊള്ളാനാവും. രണ്ടു വശങ്ങളിൽ വരാന്തയും ഉയർന്ന വേദിയുമുള്ള ധ്യാനഹാൾ ഒന്നാം നിലയിലാണ്. ധ്യാനഹാളിലെ മേൽതട്ടിൽ ഭംഗിയേറിയ ഷാൻഡിലിയർ വിളക്കുണ്ട്. കമ്പ്യൂട്ടർ, പ്രൊജക്റ്റർ തുടങ്ങിയവയാൽ നന്നായി സജ്ജീകരിച്ച, വിശാലമായ ഓഫീസ് മുറി അഭ്യാസി പരിശീലന പരിപാടികൾക്കു കൂടി ഉപയുക്തമാക്കുന്നുണ്ട്.

ഞയറാഴ്ച രാവിലെയും ബുധനാഴ്ച വൈകുന്നേരവും ആശ്രമത്തിൽ സത്സംഗം നടത്തുന്നുണ്ട്. മാസ്റ്റർമാരുടെ ജന്മ ദിനങ്ങളിൽ ഭണ്ഡാരകൾ നടത്താറുണ്ട്. എല്ലാ മാസവും ഒന്നാമത്തെ ഞായറാഴ്ച മുഴുദിന പരിപാടി നടത്തുന്നുണ്ട്. ഇടക്കിടെ അഭ്യാസി പരിശീലന പരിപാടി നടത്താറുണ്ട്.

മൂന്നു വശങ്ങളിലും പ്രവേശന സൗകര്യമുള്ള ഈ ആശ്രമ മന്ദിരത്തിൻെറ ഒരു വശത്ത് ശ്രീ രാം ശിക്ഷാ സദനാണ്. രണ്ടു വലിയ ഗേറ്റുകൾ ആശ്രമത്തിനെ വീതിയേറിയ റോഡിലേക്ക് ബന്ധിപ്പിക്കുന്നുണ്ട്. ഭംഗിയുള്ള പൂന്തോട്ടവും, ജലധാരയും ആശ്രമത്തിൻെറ ഭംഗിക്ക് മാറ്റു കൂട്ടുന്നു.







To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2009 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.